പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2347 **27-10-2026-ൽ മറുപടിയ്ക്ക്**

സ്റ്റാർട്ടപ്പുകൾ തുടങ്ങാനുള്ള പ്രോത്സാഹനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. കെ. പ്രവീൺ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) യുവാക്കളെയും പുതുതലമുറയെയും ആകർഷിക്കുന്നതിന് വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

മറുപടി: യുവാക്കളെയും പുതുതലമുറയെയും സംരംഭക മേഖലയിലേക്ക് ആകർഷിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. **സംരംഭക സഹായ പദ്ധതി (ESS):** ഉൽപ്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ, പരമാവധി 40 ലക്ഷം രൂപ ധനസഹായം.
2. **ഒരു കുടുംബം ഒരു സംരംഭം പദ്ധതി:** സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ബാങ്ക് വായ്പകൾക്ക് പലിശയിളവ്.
3. **മാർജിൻ മണി ഗ്രാന്റ് പദ്ധതി:** ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് അർഹരായ സംരംഭകർക്ക് സാമ്പത്തിക സഹായം.
4. **എം.എസ്.എം.ഇ. വികസന പദ്ധതി:** സൂക്ഷ്മ, ചെറുകിട സംരംഭങ്ങളെ ഉയർന്ന സംരംഭക വിഭാഗങ്ങളിലേക്ക് വളർത്തുന്നതിനുള്ള സഹായം.
5. **സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി:** വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.
6. **ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്:** വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും ഗവേഷണഫലങ്ങളെ വ്യവസായ സംരംഭങ്ങളാക്കി മാറ്റുകയും ചെയ്യുന്നു.
7. **NORKA സ്വകാര്യ വ്യവസായ പാർക്ക് പദ്ധതി (**NPIE 2026**):** പ്രവാസി മലയാളികളെയും കുടുംബങ്ങളെയും വ്യവസായ നിക്ഷേപത്തിന് പ്രോത്സാഹിപ്പിക്കുന്നു.
8. **KIED പരിശീലന പരിപാടികൾ:** സംരംഭകത്വം, ബിസിനസ് പ്ലാൻ, വിപണനം, സാമ്പത്തിക മാനേജ്മെന്റ് എന്നിവയിൽ പരിശീലനം നൽകുന്നു.

(ബി) സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

മറുപടി: കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന യുവജനങ്ങളിൽ നൂതനാശയങ്ങളും സംരംഭകത്വ സംസ്കാരവും വളർത്തുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ സാമ്പത്തിക, സാങ്കേതിക പിന്തുണ

നൽകുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1. **ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ് ഡെവലപ്മെന്റ് സെന്ററുകൾ (IEDC):** വിദ്യാർത്ഥികളുടെ നൂതനാശയങ്ങളെ പ്രോട്ടോടൈപ്പുകളായും ഉൽപ്പന്നങ്ങളായും വികസിപ്പിക്കുന്നതിന് സഹായിക്കുന്നു.

2. **IEDC ഉച്ചകോടി:** വിദ്യാർത്ഥികൾക്ക് ആശയങ്ങൾ അവതരിപ്പിക്കാനും സംരംഭകത്വ വിദഗ്ധരുമായി സംവദിക്കാനും അവസരമൊരുക്കുന്നു.

3. **ഇൻകുബേഷൻ, പ്രീ-ഇൻകുബേഷൻ, ആക്സിലറേഷൻ:** ആശയങ്ങളുടെ സാധൂകരണം, ഉൽപ്പന്ന വികസനം, സാങ്കേതിക സഹായം, സംരംഭങ്ങളുടെ വളർച്ച എന്നിവയ്ക്ക് പിന്തുണ നൽകുന്നു.

4. **GoZIP (Generation Z Innovation Programme):** 18–27 വയസ്സുവരെയുള്ള യുവാക്കളെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുന്നതിനായി 2026–27 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച പദ്ധതി. ആശയരൂപീകരണം മുതൽ ഉൽപ്പന്ന വികസനം വരെയുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണയാണ് ലക്ഷ്യം.

5. **ഗ്രാന്റ് പദ്ധതികൾ:** ഐഡിയ ഗ്രാന്റ്, പ്രൊഡക്ടൈസേഷൻ ഗ്രാന്റ്, മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ്, സ്കെയിൽ-അപ്പ് ഗ്രാന്റ് എന്നിവയിലൂടെ സാമ്പത്തിക സഹായം നൽകുന്നു.

6. **സീഡ് ഫണ്ട്:** പ്രാരംഭഘട്ട സ്റ്റാർട്ടപ്പുകൾക്കും വളർച്ചാഘട്ടത്തിലുള്ള സംരംഭങ്ങൾക്കും അർഹതാനിബന്ധനകൾക്ക് വിധേയമായി സാമ്പത്തിക സഹായം നൽകുന്നു.

7. **മെന്ററിംഗ്, സാങ്കേതിക പിന്തുണ:** വിദഗ്ധ മാർഗനിർദേശം, ഉൽപ്പന്ന വികസനം, ബിസിനസ് മാതൃകയുടെ സാധൂകരണം, നിക്ഷേപസജ്ജത എന്നിവയ്ക്ക് സഹായം നൽകുന്നു.

8. **വിപണി പ്രവേശനവും നിക്ഷേപ ബന്ധങ്ങളും:** സ്റ്റാർട്ടപ്പുകളെ ഉപഭോക്താക്കളുമായും വ്യവസായ സ്ഥാപനങ്ങളുമായും നിക്ഷേപകരുമായും ബന്ധിപ്പിക്കുന്നു.

9. **ഡ്രീംവെസ്റ്റർ (Dreamvestor):** KSIDC-യും ASAP കേരളയും സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതി. കോളേജ് വിദ്യാർത്ഥികളുടെ നൂതനാശയങ്ങളെ വിജയകരമായ സംരംഭങ്ങളാക്കി മാറ്റാൻ സഹായിക്കുന്നു.

സെക്ഷൻ ഓഫീസർ